**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം, തീയതി: 10.09.2009

നം.55028/ഡി.എ.1/2009/തസ്വഭവ

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
(ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറിമാർക്ക്)

സർ,

വിഷയം: 2009–10 വാർഷിക പദ്ധതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങൾ 2009–10 വാർഷിക പദ്ധതിയും പ്രോജക്ടുകളും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2009 സെപ്തംബർ 25 ആയി നിശ്ചയിക്കുന്നതിന് ഇന്നേ ദിവസം കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയോഗം തീരുമാനിച്ചിട്ടുള്ളതായി അറിയിക്കുന്നു. ആ തീയതിക്കകം വാർഷിക പദ്ധതി സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2009–10–ലെ വികസനഫണ്ട് വിഹിതത്തിൽ നിന്നും ഒരു ഗഡു തുക (10%) കുറവ് ചെയ്യുന്നതാണ്. 2009–10 ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം വകയിരുത്തിയിട്ടുള്ള ആകെ വികസനഫണ്ടിന്റെ 10 ശതമാനത്തിന് തുല്യമായ തുക പൊതുവിഭാഗം വിഹിതത്തിൽ നിന്നായിരിക്കും കുറവ് ചെയ്യുന്നത്.

2009 സെപ്തംബർ 25–നകം പദ്ധതി സമർപ്പിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ബ്ലോക്ക്തല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ മെമ്പർ സെക്രട്ടറിമാർ കൂടിയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ സെപ്തംബർ 26–ന് രാവിലെ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യണം. ജില്ലാ പ്ലാനിംഗ് ഓഫീസർ പ്രസ്തുത വിവരങ്ങളും സെപ്തംബർ 25–നകം ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന് പദ്ധതി സമർപ്പിക്കാത്ത ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെയും വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സെപ്റ്റബർ 26–ന് തന്നെ ഗവൺമെന്റിലേയ്ക്ക് ഫാക്സ് മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ ഇന്നുതന്നെ താങ്കളുടെ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളെയും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളെയും രേഖാമൂലവും ടെലിഫോൺ മുഖേനയും അറിയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് സംബന്ധിച്ച അറിയിപ്പുകൾ ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ബ്ലോക്ക് പഞ്ചായത്തുകൾക്കും ബ്ലോക്ക്തല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്കും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ജില്ലാ പ്ലാനിംഗ് ഓഫീസറും നൽകുവാൻ ചുമതലപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:

(1) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
(2) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(3) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും